# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 17

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.എച്ച്.എം. (2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ മൂന്ന് മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/601/2020)

## പുതുക്കിയ പരീക്ഷ തീയതി

മാർച്ച് 23, 25 തീയതികളിൽ നടത്താനിരുന്ന രണ്ടാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ജൂൺ 26, 29 തീയതികളിൽ നടക്കും. പരീക്ഷസമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/602/2020)

ജൂൺ 18, 22, 24, 26, 30, ജൂലൈ ഒന്ന്, മൂന്ന് തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ജൂൺ 23, 25, 29, ജൂലൈ ഒന്ന്, മൂന്ന്, ആറ്, എട്ട് തീയതികളിൽ നടക്കും. പരീക്ഷസമയത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/603/2020)

ജൂൺ 19, 23, 25, 29, ജൂലൈ ഒന്ന്, മൂന്ന് തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (2019 അഡ്മിഷൻ - റഗുലർ/2017, 2018 അഡ്മിഷൻ സപ്ലിമെന്ററി)/ ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ജൂൺ 24, 26, 30, ജൂലൈ രണ്ട്, ആറ്, എട്ട് തീയതികളിൽ നടക്കും. പരീക്ഷസമയത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/604/2020)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. സപ്ലിമെന്ററി പരീക്ഷയുടെ (2017 അഡ്മിഷൻ) ഉത്തരക്കടലാസ് പുനർമൂല്യനിർണയഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് സ്റ്റുഡന്റ്സ് പോർട്ടലിൽ അവരുടെ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് മെമ്മോ ഡൗൺ ലോഡ് ചെയ്യാം. മാർക്ക് വ്യത്യാസം ഉണ്ടെങ്കിൽ മെമ്മോ, ഗ്രേഡ് കാർഡിന്റെ പ്രിന്റൗട്ട്, മാർക്ക് വ്യത്യാസപ്പെടുത്തുന്നതിനുള്ള അപേക്ഷ എന്നിവ ce@mgu.ac.in എന്ന ഇമെയിലിലോ പരീക്ഷ കൺട്രോളർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് (പി.ഒ.), കോട്ടയം - 686560 എന്ന വിലാസത്തിലോ അയയ്ക്കണം.

(പി.ആർ.ഒ/39/605/2020)

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മോഡൽ 1, 2, 3 (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ രണ്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/606/2020)

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം മോഡൽ 1, 2, 3 (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ഒന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/607/2020)

2019 ഡിസംബറിൽ നടന്ന നാലാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/608/2020)

## യോഗ മെന്ററിംഗ് ഗ്രൂപ്പ് രൂപീകരണം

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഓൺലൈൻ പരിപാടിക്ക് നേതൃത്വം നൽകാൻ പൂർവവിദ്യാർഥികളുടെ മെന്ററിംഗ് ഗ്രൂപ്പിന് രൂപം നൽകുന്നു. താല്പര്യമുള്ളവർ 9847412145 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/609/2020)

## അന്താരാഷ്ട്ര യോഗ ദിനാചരണം

മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവകുപ്പും പൂർവവിദ്യാർഥി സംഘടനയും സംയുക്തമായി ഫോർ എ.എം. ക്ലബിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഓൺലൈൻ പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ബന്ധപ്പെടാം. ഫോൺ: 9544981839 (സുരേഷ്), 9495764949 (ബിന്ദു), 9847412145 (ജി. ശ്രീകുമാർ).

(പി.ആർ.ഒ/39/610/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ